മറ്റിതര വകുപ്പുകൾ (ഹൈക്കോടതി ഉൾപ്പെടെ) എന്നീ വകുപ്പുകളിൽ നിന്നുമാണ് നികത്തേണ്ടത്. ഇതിൽ 60 ശതമാനം ഒഴിവുകൾ സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവീസിൽനിന്നും 40 ശതമാനം ഒഴിവുകൾ മറ്റു വകുപ്പുകളിൽനിന്നുമാണ് നികത്തുന്നത്. ഇക്കാരണം കൊണ്ടാണ് 6-10-1995-ൽ ഗവൺമെന്റ് പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ ഈ രണ്ടു വിഭാഗങ്ങളേയും രണ്ടായി കാണിച്ചിട്ടുള്ളത്. ഇതിൽ നിയമവിരുദ്ധമായി യാതൊന്നുമില്ല. ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവീസ് ചട്ടങ്ങളിൽ പറയുന്ന റൊട്ടേഷൻ അനുസരിച്ചു മാത്രമേ നിയമനം നടത്തുകയുള്ളൂ.

പഞ്ചായത്ത് ഓഡിറ്റ്

41 [1610] ശ്രീ. എ. സി. ഷൺമുഖദാസ്:
,, കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1994-95 വർഷം വരെയുള്ള വാർഷിക കണക്കുകളും ഡി. സി. ബി. കണക്കുകളും എത്ര പഞ്ചായത്തുകളിൽ ഓഡിറ്റ് കഴിഞ്ഞിട്ടുണ്ട്;

(ബി) കണക്കുകൾ യഥാസമയം ഓഡിറ്റിനു നൽകാത്ത പഞ്ചായത്തുകളുടെ പേരിൽ എന്ത് നടപടി സ്വീകരിച്ചു?

ഉത്തരം

(എ) 425 പഞ്ചായത്തുകൾ ഓഡിറ്റിനായി കണക്കുകൾ ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗത്തിനു സമർപ്പിച്ചിട്ടുണ്ട്. എത്ര പഞ്ചായത്തുകളിൽ ഓഡിറ്റ് പൂർത്തിയായി കഴിഞ്ഞിട്ടുണ്ട് എന്ന വിവരം ശേഖരിച്ചു വരുന്നു.

(ബി) കണക്കുകൾ ഓഡിറ്റിനു നൽകാത്ത പഞ്ചായത്തുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. 31-3-1996-നകം കണക്കുകൾ നൽകാത്ത പഞ്ചായത്തു സെക്രട്ടറിമാർക്കെതിരേ നിയമാനുസൃത അച്ചടക്ക നടപടി കൈക്കൊള്ളുന്നതാണ്.

മാളയിലെ യഹൂദ സ്മാരകങ്ങൾ സംരക്ഷിക്കുന്നതു സംബന്ധിച്ച കരാർ

42 [1611] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാളയിൽനിന്ന് യഹൂദർ ഇസ്രയേലിലേക്ക് പോയ അവസരത്തിൽ സ്മാരകങ്ങളായ സിനഗോഗും ശ്മശാനവും സംരക്ഷിക്കുന്ന കാര്യത്തിൽ പഞ്ചായത്തധികൃതരുമായി ഉണ്ടാക്കിയ കരാർ വ്യവസ്ഥകൾ എന്തെല്ലാമാണ്;

(ബി) കരാർ ലംഘനം സംബന്ധിച്ച് ഹൈക്കോടതി നൽകിയ ഉത്തരവിന്റെ വിവരങ്ങൾ വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഹൈക്കോടതി ഉത്തരവിനു് വിരുദ്ധമായി ശ്മശാനത്തിലൂടെ ജലസേചനത്തിനായി പൈപ്പിട്ട വിവരം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ എന്തു നടപടി സ്വീകരിച്ചു;

(ഇ) യഹൂദ സ്മാരകങ്ങൾക്കെതിരെ കടന്നാക്രമണം നടത്തിയവരുടെ പേരിൽ എന്തെല്ലാം ശിക്ഷാ നടപടികളാണു് കൈക്കൊണ്ടതു്?

ഉത്തരം

(എ) സിനഗോഗും ശ്മശാനവും കേടുകൂടാതെ മാള പഞ്ചായത്തു് മതിൽകെട്ടി സംരക്ഷിച്ചുകൊള്ളാമെന്നും കുഴിക്കുകയോ മണ്ണുമാറ്റുകയോ ചെയ്യരുതെന്നും വ്യവസ്ഥ ചെയ്തിരുന്നു.

(ബി) ശ്മശാനം കളിസ്ഥലം ആക്കാൻ പാടില്ല എന്നും സിനഗോഗ് കമ്മ്യൂണിറ്റി ഹാൾ ആക്കാൻ പാടില്ല എന്നുമാണു് കോടതി വിധി.

(സി) പഞ്ചായത്തുമായുള്ള കരാർ നിലവിൽ വരുന്നതിനുമുമ്പു് തന്നെ ശ്മശാനത്തിന്റെ ഒരു ഭാഗം കളിസ്ഥലമായി യഹൂദൻമാർ ഉപയോഗിച്ചിരുന്നു. ഈ കളിസ്ഥലത്തു് ജലസേചനത്തിനായി പൈപ്പ്ലൈൻ സ്ഥാപിച്ചതായി പഞ്ചായത്തിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടു്.

(ഡി) ഇക്കാര്യത്തിൽ പോലീസിൽ പരാതി നൽകുകയും പോലീസു് കേസു് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ടു്.

(ഇ) സ്മാരകങ്ങൾ കയ്യേറിയതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. മതിലുകളുടെ ചിലഭാഗം കാലപ്പഴക്കം കാരണം പൊളിഞ്ഞതു് പഞ്ചായത്തു് പുനരുദ്ധാരണം നടത്തി ശരിയാക്കിയിട്ടുണ്ടു്.

കടൽത്തീരത്തുള്ള നിർമ്മാണ പ്രവൃത്തികൾ

43 [1612] ശ്രീ. കെ. കെ. അബു:
,, എം. ജെ. സക്കറിയ:
,, ചെർക്കളം അബ്ദുള്ള:
,, എ. വി. അബ്ദുറഹിമാൻ ഹാജി:
,, കെ. കുട്ടി അഹമ്മദ്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽത്തീരത്തുള്ള നിർമ്മാണ പ്രവൃത്തികൾ കടലോരത്തിൽ നിന്നു് നിശ്ചിത മീറ്റർ അകലെ മാത്രമേ ആകാവൂ എന്ന നിബന്ധന നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ കടലോരത്തിൽനിന്നു് എത്ര മീറ്റർ അകലെയാണു് നിർമ്മാണം അനുവദനീയമായിട്ടുള്ളതു്;

(സി) ഈ നിയമം എന്നാണു് നിലവിൽ വന്നതു്;

LIBRARY ARCHIVES Kerala Legislative Assembly